കയറ്റുമതിക്കുള്ള പഴവർഗ്ഗങ്ങളും പച്ചക്കറികളും

15 [*324] ശ്രീ. എം. മുരളി :
,, പി. ടി. തോമസ് :
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റുമതിക്കുള്ള പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള കൃഷിവകുപ്പിന്റെ പദ്ധതിയനുസരിച്ച് എത്ര ജില്ലകളിൽ ഇവ കൃഷി ചെയ്യുന്നുണ്ട് ;

(ബി) ഈ പദ്ധതിയനുസരിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൃഷിവകുപ്പ് നേരിട്ട് ശേഖരിച്ച് കയറ്റുമതി ചെയ്യുവാനാണോ ഉദ്ദേശിക്കുന്നത് ;

(സി) അതിനുവേണ്ടി എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളുണ്ടാക്കിയിട്ടുണ്ട്;

(ഡി) ഈ പഴങ്ങളും പച്ചക്കറികളും ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നത് ;

(ഇ) ഈ പദ്ധതിയനുസരിച്ച് നടത്തുന്ന കൃഷിക്ക് ജൈവവളങ്ങളും, ജൈവകീടനാശിനികളുമാണോ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 9 ജില്ലകളിൽ കയറ്റുമതിക്കുള്ള പദ്ധതിയനുസരിച്ച് പച്ചക്കറികളും പഴവർഗ്ഗങ്ങളും കൃഷിചെയ്തുവരുന്നു.

(ബി) അല്ല. കൃഷിക്കായുള്ള വായ്പ ഉൾപ്പെടെയുള്ള ഉൽപ്പാദനോപാധികൾ കർഷകർക്ക് യഥാസമയം ലഭ്യമാകുവാനും അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നം വിപണനം ചെയ്യുന്നതിനായി കയറ്റുമതി വ്യവസായികൾ, മറ്റു വിപണന ഏജൻസികൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനും മുൻകൈ എടുക്കുന്ന കൃഷിവകുപ്പ് ഒരു സഹായി എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിപ്രദേശത്ത് വാണിജ്യാടിസ്ഥാനത്തിൽ വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നിവ കൃഷിചെയ്യുവാൻ തയ്യാറായിട്ടുള്ള കർഷകരെയും കർഷകരുടെ സ്വയംസഹായസംഘങ്ങളേയും തിരഞ്ഞെടുത്തശേഷം അവർക്ക് ആധുനിക രീതിയിൽ കയറ്റുമതിക്കുവേണ്ടി കൃഷി ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യയിൽ 3 ദിവസത്തെ പരിശീലനം നൽകുകയുണ്ടായി. കൂടാതെ കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ഘടകങ്ങൾ എല്ലാം തന്നെ കർഷകരെ കയറ്റുമതിക്ക് സജ്ജരാക്കുക എന്ന ഉദ്ദേശത്തോടുകൂടി വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നവയാണ്.

(1) കയറ്റുമതിക്കായുള്ള വിസ്തൃതിവ്യാപനം—4000 ഹെക്ടർ

(2) വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾ—50 എണ്ണം

(3) ജില്ലാതല നേഴ്സറികൾ—9 എണ്ണം

(4) സംയോജിത കീടനിയന്ത്രണം—4000 ഹെക്ടർ

(5) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ—4000 ഹെക്ടർ

(6) മണ്ണ്-ജല-ജല പരിശോധനശാല—1 എണ്ണം

(7) ബൾക്കിംഗ് സെന്ററുകൾ—10 എണ്ണം

(8) പായ്ക്ക് ഹൗസുകൾ—4 എണ്ണം

(9) റീഫർ ട്രക്കുകൾ—8 എണ്ണം

(10) വേഫർ നിർമ്മാണ യൂണിറ്റ്—1 എണ്ണം

(11) ട്രയൽ കൺസയിൽമെന്റ്—4 എണ്ണം

(12) ഗവേഷണ വികസന പ്രവർത്തനങ്ങൾ

(ഡി) പ്രധാനമായും പശ്ചിമേഷ്യൻ രാജ്യങ്ങൾ (ഗൾഫ് മേഖല), യൂറോപ്യൻ രാജ്യങ്ങൾ, അമേരിക്ക മുതലായ സ്ഥലങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നത്.

(ഇ) ഈ പദ്ധതിയനുസരിച്ച് സംയോജിത സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിച്ചുകൊണ്ടുള്ള ജൈവകൃഷിക്കുള്ള പ്രോൽസാഹനം ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly